


# പണ്ടു പണ്ട്

രാജു ഒരു കുസൃതി പയ്യനാണ്. ഒരു ദിവസം രാജുവിന് പണ്ടു കാലത്തെക്കുറിച്ച് എഴുതി വരാൻ സ്കൂളിൽ നിന്നും ഒരു പ്രൊജക്റ്റ് കിട്ടി. സ്വന്തമായി അതിനെക്കുറിച്ച് ഒന്നും കണ്ടുപിടിക്കാൻ കഴിയാത്തതിനാൽ തന്റെ അമ്മയോട് തന്നെ ചോദിക്കാൻ അവൻ തീരുമാനിച്ചു. അങ്ങനെ ഉറങ്ങാൻ നേരം സൂത്രത്തിൽ അമ്മയോട് പണ്ടു കാലത്തെപ്പറ്റി ഒരു കഥ പറയാൻ രാജു ആവശ്യപ്പെട്ടു. അമ്മ കഥ പറയാൻ തുടങ്ങി.

പണ്ടു കാലത്ത് ചുറ്റും പച്ചപ്പു നിറഞ്ഞ പാടങ്ങളും വയലുകളുമൊക്കെയുണ്ടായിരുന്നു. രാവിലെ നേരത്തെ എഴുന്നേറ്റു കുളിച്ച് ഇല കൊണ്ടുണ്ടാക്കിയ ഒരു കൊച്ചു സ്പൂണുമുപയോഗിച്ച് കഞ്ഞി കുടിക്കുമായിരുന്നു. അതു കഴിഞ്ഞ് പാടത്തിലൂടെയും വരമ്പത്തിലൂടെയുമെല്ലാം ഓടി സ്കൂളിൽ പോകും. അന്ന് ഒരു മാവിൻചുവട്ടിൽ വെച്ചായിരുന്നു മാഷ് ക്ലാസെടുത്തിരുന്നത്. ക്ലാസ് കഴിഞ്ഞ് കൂട്ടുകാരെല്ലാം ചേർന്ന് ചെളിയിൽ കാൽപന്ത് കളി കളിക്കുമായിരുന്നു. ഇതെല്ലാം പറയുമ്പോൾ അമ്മയുടെ കണ്ണു നിറഞ്ഞത് അവൻ ശ്രദ്ധിച്ചു. പണ്ടു കാലത്തെ പച്ചപ്പു നിറഞ്ഞ പാടങ്ങളും വയലുകളും അവന്റെ കണ്ണുകളിൽ മിന്നി മാഞ്ഞു. അതിനിടെ പയ്യെ അവന്റെ കണ്ണുകൾ അടയാൻ തുടങ്ങി. എപ്പോഴോ ഉറക്കത്തിലേക്കവൻ വഴുതി വീണു. സ്വപ്നത്തിലവൻ അമ്മ പറഞ്ഞ പഴയ കാലങ്ങളും കുളവും പാടങ്ങളും കണ്ടു. തെളിവെള്ളം നിറഞ്ഞ ആ കുളത്തിൽ അവൻ മതി വരുവോളം നീന്തിത്തുടിച്ചു.

**ബാസിൻ സനാൻ,**
**ക്ലാസ്– 8,**
**അൽ ഹറമൈൻ ഇംഗ്ലീഷ് സ്കൂൾ കോഴിക്കോട്**



**ആയിശ പി, ക്ലാസ് 1**
**എം. ഇ. എസ് സ്കൂൾ, തിരൂർ**



**ഇഷ ഫാത്തിമ കെ, ക്ലാസ് 3**
**എം. ഇ. എസ് സെൻട്രൽ സ്കൂൾ, തിരൂർ**

▸▸ **മാൻ ബുക്കർ ഇന്റർ നാഷണൽ അവാർഡ് നേടുന്ന ആദ്യ അറബി എഴുത്തുകാരി– ജോഖ അൽ ഹർത്തി**



ഫാത്തിമ ഹെന്ന
ക്ലാസ് 2
വെർച്യൂ പബ്ലിക്
സ്കൂൾ നടുവണ്ണൂർ

# തത്തമ്മ

മെല്ലെ പറക്കൂ തത്തമ്മേ നീ
സുന്ദരിയായ തത്തമ്മേ
നിന്റെ പമ്മിനടത്തം കാണാൻ
എന്തൊരു ചന്തം തത്തമ്മേ..
ചെഞ്ചുണ്ടാലൊരു ചിരി നീ തന്നാൽ
ആഹാ എന്നിൽ ആഹ്ലാദം!

ഹനീന
ക്ലാസ് 2

## കളിമുറ്റം ഉത്തരം

1. ഒമ്പതിനെ എട്ടുകൊണ്ട് ഗുണിക്കുമ്പോൾ 72 കിട്ടുന്നു. 72 നെ എട്ടു കൊണ്ട് ഗുണിച്ചാൽ 576 ഉം. അപ്പോൾ 576 നെ എട്ടുകൊണ്ട് ഗുണിച്ചാൽ 4608 കിട്ടും. പൂജ്യം ആണ് വിട്ടുപോയ സംഖ്യ.
2. D. അക്ഷരമാല ക്രമത്തിൽ അല്ലാത്തതു കൊണ്ട്.
3. എല്ലാത്തിലും വലതു വശത്ത് മൂന്ന് ചില്ലകളാണ് ഉള്ളത്. E യിൽ മാത്രം നാല് ചില്ലയാണ്.




## പുതുതലമുറയുടെ ദുഃഖം

നമ്മുടെ നാടിനെ 'സസ്യശ്യാമള കോമളം' എന്നാണ് വിശേഷിപ്പിക്കാറ്. കാരണം അത്രക്ക് പ്രകൃതിഭംഗി നിറഞ്ഞതായിരുന്നു മുമ്പ് അത്. മരങ്ങളും കാടും കായലുകളും തടാകങ്ങളുമൊക്കെ നിറഞ്ഞ നമ്മുടെ ഗ്രാമീണ പ്രകൃതി ഇപ്പോൾ പെട്ടെന്നുള്ള നഗര വൽക്കരണത്തിന് വിധേയമാകുകയാണല്ലോ. കുളത്തിൽ കുളിക്കാൻ കഴിയുന്ന, പാടത്ത് ഫുട്ബോൾ കളിക്കാൻ കഴിയുന്ന കുട്ടികൾ ഈ കാലത്തും ഉണ്ട്. പക്ഷേ ഭാഗ്യവാന്മാരായ അവർ എണ്ണത്തിൽ കുറവ്.

'പണ്ട് പണ്ട് എന്ന കഥ,' പഴയ കാലത്തെ കുറിച്ചെഴുതാൻ അധ്യാപകനിൽ നിന്ന് പ്രോജക്ട് കിട്ടിയ വിദ്യാർഥികൾക്ക് പഴയകാലത്തെക്കുറിച്ച് അമ്മ പറഞ്ഞുകൊടുക്കുന്നതാണ്. ആ പ്രകൃതി സൗഭാഗ്യങ്ങളിൽ ജീവിക്കാൻ കഴിയാതെ പോയ അവൻ അത് സ്വപ്നത്തിൽ കണ്ട് സംതൃപ്തിയടയുന്നു. ഒന്നാന്തരം കഥ!! രണ്ട് തലമുറകളെയും രണ്ട് കാലങ്ങളെയും ഈ കഥയിലൂടെ നാം അനുഭവിക്കുന്നു. 'തത്തമ്മ' എന്ന കവിതയും നന്ന്.

സസ്നേഹം

● മാഷ്

▸▸ ദേശീയ വനിതാ കമ്മീഷന്റെ ആസ്ഥാന മന്ദിരം ഏത് പേരിലറിയപ്പെടുന്നു– നിർഭയ ഭവൻ